2. 2 ഹെക്ടർ മുതൽ 4 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിനുമുകളിൽ വരുന്ന ഓരോ ഹെക്ടറിനും 150 രൂപ വീതം.

3. 4 ഹെക്ടർ മുതൽ 8 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിന് മുകളിലുള്ള ഓരോ ഹെക്ടറിനും 150 രൂപ. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 150 രൂപ.

4. 8 ഹെക്ടർ മുതൽ 15 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 200 രൂപ. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 200 രൂപ.

5. 15 ഹെക്ടർ മുതൽ 25 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 250 രൂപ. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 250 രൂപ.

6. 25 ഹെക്ടറിൽ കൂടുതലുള്ള തോട്ടങ്ങൾക്ക് (തെങ്ങ്, കമുക് ഒഴികെ) രണ്ട് ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 350 രൂപ.

7. തെങ്ങ്, കമുക് തോട്ടങ്ങൾക്ക് 4 ഹെക്ടറിൽ കൂടുതലുള്ള ഓരോ ഹെക്ടറിനും 350 രൂപ.

(ഡി) ഇപ്പോൾ നിലവിലുള്ളത് 1987 -ലെ നിരക്കു തന്നെയാണ്.

പ്ലാന്റേഷൻ ടാക്സ്

52 (861) ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്ലാന്റേഷൻ ടാക്സിന്റെ തോതെത്രയായിരുന്നു ;

(ബി) അന്ന് പ്ലാന്റേഷൻ ടാക്സിനത്തിൽ എന്തു തുക കിട്ടിയിരുന്നു ;

(സി) ഇപ്പോൾ പ്ലാന്റേഷൻ ടാക്സിന്റെ തോതെത്രയാണ് ;

(ഡി) ഇപ്പോൾ പ്ലാന്റേഷൻ ടാക്സ് ഇനത്തിലുള്ള പിരിവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന പ്ലാന്റേഷൻ ടാക്സിന്റെ തോത് താഴെകൊടുക്കുന്നു.

1. ഒരാളിന്റെ കൈവശമുള്ള (തെങ്ങ്, കമുക് ഇവ ഒഴിവാക്കികൊണ്ട്) 2 ഹെക്ടർ വരെയുള്ള തോട്ടങ്ങളെയും, 4 ഹെക്ടർ കവിയാതെയുള്ള തെങ്ങ്/കമുക് തോട്ടങ്ങളെയും തോട്ട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. 2 ഹെക്ടർ മുതൽ 4 ഹെക്ടർ വരെ (തെങ്ങ്, കമുക് ഒഴികെ) ഓരോ ഹെക്ടറിന് 100 രൂപ (രണ്ട് ഹെക്ടറിൽ കൂടുതലുള്ളതിന്)

3. 4 മുതൽ 8 ഹെക്ടർ വരെ. (തെങ്ങ്, കമുക് ഒഴികെ) - 2 ഹെക്ടറിനു മേലുള്ള ഓരോ ഹെക്ടറിനും 150 രൂപാ വീതം തെങ്ങ്, കമുക് എന്നിവയ്ക്ക് 4 ഹെക്ടറിന് മുകളിലുള്ള ഓരോ ഹെക്ടറിനും 150 രൂപാവീതം.

4. 8 മുതൽ 15 ഹെക്ടർവരെ (തെങ്ങ്, കമുക് ഒഴികെ) 2 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും 200 രൂപ വീതം. തെങ്ങ്, കമുക് എന്നിവയ്ക്ക് 4 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും 200 രൂപ വീതം.

5. 15 മുതൽ 25 ഹെക്ടർവരെ (തെങ്ങ്, കമുക് ഒഴികെ) 2 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും 250 രൂപ വീതം. തെങ്ങ്, കമുക് എന്നിവയ്ക്ക് 4 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും 250 രൂപ വീതം.

6. 25 ഹെക്ടറിനുമുകളിൽ (തെങ്ങ്, കമുക് ഒഴികെ) 2 ഹെക്ടറിനു മുകളിലുള്ള ഓരോ ഹെക്ടറിനും 350 രൂപ വീതം. തെങ്ങ് കമുക് എന്നിവയ്ക്ക് 4 ഹെക്ടറിന് മുകളിലുള്ള ഓരോ ഹെക്ടറിനും 350 രൂപ വീതം.

(ബി)

വർഷം	ആകെമുതൽ	പിരിക്കാവുന്ന മുതൽ	ആകെപിരിവ് (തുകലക്ഷത്തിൽ)
1996-97	270.65	208.29	195.19

(സി) ഇപ്പോൾ നിലവിലുള്ള നിരക്ക് 1987-ലേതു തന്നെയാണ്. പുനർനിർണ്ണയം നടത്തിയിട്ടില്ല.

(ഡി)

വർഷം	ആകെമുതൽ	പിരിക്കാവുന്ന മുതൽ	ആകെപിരിവ് (തുകലക്ഷത്തിൽ)
1	2	3	4
1997-1998	235.19	217.13	214.73
1998-1999	251.66	219.92	215.90
1999-2000	274.01	206.22	201.72
2000-2001	201.88	199.44	73.02 (31-1-01 വരെ)

LIBRARY ARCHIVES Kerala Legislative Assembly